LIBRARY ARCHIVES Kerala Legislative Assembly

സൈനികക്ഷേമ ആഫീസുവഴി നൽകുന്ന സഹായം

100 [1575] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സൈനികക്ഷേമ ആഫീസുവഴി എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലാ സൈനികക്ഷേമ ആഫീസിൽ ഇങ്ങനെ 2003 സെപ്റ്റംബർ മാസം മുതൽ ഈ സാമ്പത്തിക സഹായം കൊടുക്കുന്നത് നിർത്തി വെച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇത് എന്നുമുതൽ വിതരണം ചെയ്യാൻ കഴിയും എന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ സൈനികക്ഷേമ ആഫീസുവഴി താഴെപ്പറയുന്ന സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു.

1. നിർദ്ധനരായ വിമുക്തഭടൻമാർക്ക് അർഹതയ്ക്ക് വിധേയമായി 650 രൂപ മുതൽ 950 രൂപ വരെയും 250 രൂപ മുതൽ 500 രൂപ വരെയും സംസ്ഥാന/ജില്ലാ ഓഫീസുകൾ വഴി നൽകി വരുന്നു.

2. വാർഷിക വരുമാനം 30,000 രൂപയിൽ കുറവുള്ള വിമുക്തഭടന്റെ മകളുടെ വിവാഹത്തിന് 5000 രൂപ വിവാഹ ഗ്രാന്റ് നൽകുന്നു.

3. വിമുക്തഭടന്റെയും ആശ്രിതരുടെയും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ അടിയന്തിര ധനസഹായമായി 750 രൂപ, 500 രൂപ, 200 രൂപ എന്നീ ക്രമത്തിൽ മുഖ്യമന്ത്രി, ജില്ലാ കലക്ടർ/സൈനികക്ഷേമ ഡയറക്ടർ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ തുടങ്ങിയവർ നൽകി വരുന്നു.

4. വിമുക്തഭടന്റെ മരണാനന്തര ചെലവുകൾക്കായി 1000 രൂപ ധനസഹായം നൽകുന്നു.

5. അന്ധരായ വിമുക്തഭടൻമാർക്ക് പ്രതിമാസം 300 രൂപ ധനസഹായം.

6. വിമുക്തഭടൻമാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപ ധനസഹായം.

7. വാർഷിക വരുമാനം 30,000 രൂപയിൽ കുറവുള്ള വിമുക്തഭടന്റെ/ വിധവയുടെ വീടിന്റെ അറ്റകുറ്റ പണികൾക്കായി 5000 രൂപ ധനസഹായം.

8. വിമുക്തഭടൻമാരുടെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് 300 രൂപ പ്രതിമാസ ധനസഹായം.

9. എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിമുക്ത ഭടൻമാരുടെ കുട്ടികൾക്ക് ജില്ലാടി സ്ഥാനത്തിൽ 500 രൂപ ക്യാഷ് അവാർഡ്.

10. ക്ഷയരോഗ/കുഷ്ഠ രോഗാശുപത്രികളിൽ കഴിയുന്ന വിമുക്തഭടൻമാരായ അന്തേവാസികൾക്ക് പ്രതിമാസം 500 രൂപ ധനസഹായം.

11. ക്ഷയം/കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ച വിമുക്തഭടൻമാർക്ക് തുടർ ശുശ്രൂഷയ്ക്കായി പ്രതിമാസം 300 രൂപ ധനസഹായം.

12. കാൻസർ രോഗ ശുശ്രൂഷയ്ക്ക് പ്രതിമാസം 300 രൂപ ധനസഹായം.

13. അടിയന്തിര ചികിത്സയ്ക്ക് നിർധനരായ വിമുക്തഭടൻമാർക്ക് ധനസഹായം.

14. ക്ഷയരോഗ/കുഷ്ഠ രോഗ സാനിട്ടോറിയങ്ങളിലെ വിമുക്തഭടൻമാർക്ക് ഓണാഘോഷത്തിന് 250 രൂപ വീതം പ്രത്യേക ധനസഹായം.

15. സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി തയ്യലറിയാവുന്ന വിമുക്ത ഭടൻ/വിധവകൾക്ക് സൗജന്യമായി തയ്യൽ മെഷീൻ നൽകുന്നു.

16. സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി എടുക്കുന്ന ഒരു ലക്ഷം രൂപ വരെ പരിധിയുള്ള ബാങ്ക് വായ്പയ്ക്ക് 6% സബ്സിഡി അനുവദിക്കുന്നു.

17. സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകളിൽ പഠിക്കുന്ന വിമുക്തഭടൻമാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു.

18. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള നിർദ്ധനരായ വിമുക്ത ഭടൻമാർക്ക് പ്രതിമാസം 300 രൂപ ധനസഹായം നൽകി വരുന്നു.

19. പ്രതിരോധ സേനയിൽ നിന്നും വിരമിച്ച ശേഷം പൂനയിലെ ക്യൂൻമേരി ടെക്നിക്കൽ സ്കൂളിൽ ചേർന്ന് പഠിക്കുന്ന ശാരീരിക വൈകല്യമുള്ള വിമുക്ത ഭടൻമാർക്ക് പ്രതിമാസം 600 രൂപ ഗ്രാന്റ് നൽകുന്നു.

20. ഐ.ടി.ഐ.-കളിൽ ട്രെയിനിംഗ് നടത്തുന്ന വിമുക്തഭടൻമാർക്ക് പ്രതിമാസം 250 രൂപ സ്റ്റൈപ്പന്റ് നൽകുന്നു.

21. വാർഷിക വരുമാനം രണ്ടുലക്ഷം രൂപയിൽ കുറവുള്ള വിമുക്തഭടൻ മാരുടെ സൈനിക സ്കൂളിൽ പഠിക്കുന്ന 20 കുട്ടികൾക്ക് ഒരുവർഷം ഒരു കുട്ടിക്ക് 10,000 രൂപ ക്രമത്തിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

22. വാർഷിക വരുമാനപരിധി 75000 രൂപയിൽ കുറവുള്ള വിമുക്തഭടൻമാരുടെ 60 കുട്ടികൾക്ക് എഞ്ചിനീയറിംഗ്/എം.ബി.ബി.എസ്. പ്രവേശന പരിശീലനത്തിന് 2750 രൂപ സാമ്പത്തിക സഹായം നൽകിവരുന്നു.

23. നിർദ്ധനരും രോഗികളുമായ വിമുക്തഭടൻമാർക്ക് ചികിത്സയ്ക്ക് 1000 രൂപ ഗ്രാന്റായി നൽകുന്നു.

24. അംഗീകൃത വൃദ്ധ സദനങ്ങളിൽ കഴിയുന്ന നിർദ്ധനരായ വിമുക്തഭടൻമാർക്ക് പ്രതിമാസം 200 രൂപ ധനസഹായം നൽകുന്നു.

25. യുദ്ധത്തിൽ കൊല്ലപ്പെടുന്ന പ്രതിരോധ/പാരാമിലിറ്ററി സേനാംഗങ്ങളുടെ ആശ്രിതർക്ക് 15000 രൂപ എക്സ്ഗ്രേഷ്യ ഗ്രാന്റ് (അടിയന്തിര സഹായം) നൽകി വരുന്നു.

26. സമാന്തര സേനാവിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച ടി. എ. ഡക്കറേഷൻ/ടി.എ. മെഡൽ/ധീരപുരസ്കാര ജേതാക്കൾക്ക് കാഷ് അവാർഡ്.

27. സമാന്തര സേനാവിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക പ്രോത്സാഹനം.

28. വാർഷിക വരുമാനം 50,000 രൂപയിൽ കുറവുള്ള വിമുക്തഭടൻമാരുടെ മിടുക്കരായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകൾക്ക് സ്കോളർഷിപ്പ്.

(ബി) രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം ട്രഷറി നിയന്ത്രണങ്ങളാലും പ്രതിമാസ സീലിംഗ് നിയന്ത്രണത്താലും പത്തനംതിട്ട ജില്ലയിൽ മുടങ്ങിയിട്ടുണ്ട്.

(സി) ഫെബ്രുവരി ആദ്യവാരത്തോടുകൂടി പ്രസ്തുത കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനുവേണ്ട സത്വര നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) ഗവൺമെന്റിൽ നിന്നും താൽക്കാലിക ട്രഷറി നിയന്ത്രണം മാറ്റിയ ശേഷം കുടിശ്ശിക തീർക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

വീരമൃത്യുവരിച്ച മലയാളി സൈനികർ

101 [1576] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളികളായ എത്ര സൈനികർ ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തികവും അല്ലാത്തതുമായ സഹായാനുകൂല്യങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly